13
വ്യാഴം
2018 സപ്തംബർ
1194 ചിങ്ങം 28

മക്തബ്

www.makthabdaily.com

DRD റെഡിമെയ്ഡ് റബർ പുകപ്പുരകൾ
G.I & F-O Board
ഇപ്പോൾ വിലക്കുറവിൽ ₹ 6000 മുതൽ.
50 മുതൽ 1000 ഷീറ്റ് വരെ കപ്പാസിറ്റി.
10 വർഷം ഈടുനിൽക്കുന്നു.
PH: 9447651752,
9446467028,0460 2246711

തളിപ്പറമ്പ പുസ്തകം 11 ലക്കം 275 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

പി.കെ. ബഷീർ എം. എൽ. എക്കെതിരായ കേസ് പിൻവലിച്ച യു. ഡി. എഫ് സർക്കാർ തീരുമാനം കോടതി റദ്ദാക്കി

ഭീഷണി പ്രസംഗം: കേസ് നിലനിൽക്കുമെന്ന് സുപ്രീംകോടതി

ഡൽഹി: ഭീഷണി പ്രസംഗത്തിന്റെ പേരിൽ പികെ. ബഷീർ എം.എൽ.എക്കെതിരെ പോ-ലീസ് എടുത്ത കേസ് പിൻവലിച്ച യു. ഡിഎഫ് സർക്കാരിന്റെ തീരുമാനം സുപ്രിം കോടതി റദ്ദാക്കി. എം. എൽ.എക്കെതിരെ കേസ് നിലനിൽക്കുമെന്ന് കോടതി വ്യക്തമാക്കി. 2008ലാണ് കേസിന്റെ തുടക്കം. ഏഴാംതരത്തിലെ സാമൂഹ്യശാസ്ത്രം പുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന പാഠം പിൻവലിക്കണമെന്നാവശ്യപ്പെട്ട് യൂത്ത്ലീഗ് നടത്തിയ പ്രക്ഷോഭത്തിനിടയിൽ ഒരു സ്കൂളിലെ പ്രധാന അധ്യാപകനായ ജെയിംസ് അഗസ്റ്റിൻ കൊല്ലപ്പെടുകയുണ്ടായിരുന്നു. ഇതേ തുടർന്ന് 2008 നവംബർ 27ന് ഒരു പൊതുയോഗത്തിൽ പ്രസംഗിക്കവേ ഈ കേസിൽ സാക്ഷി പറയാൻ പോകുന്നവരുടെ കാല് വെട്ടുമെന്നും ജീവനോടെ തിരിച്ചുവരില്ലെന്നും പി.കെ. ബഷീർ എം. എൽ.എ പറഞ്ഞുവെന്നായിരുന്നു കേസ്. വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടത് സർക്കാർ അധികാരത്തിലിരിക്കെയാണ് ബഷീറിനെതിരെ കേസ് എടുത്തത്. എന്നാൽ പിന്നീട് അധികാരത്തിലേറിയ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു. ഡി.എഫ് സർക്കാർ കേസ് പിൻവലിക്കുകയായിരുന്നു. ഇക്കാര്യം മജിസ്ട്രേട്ട് കോടതിയിൽ പബ്ലിക്ക് പ്രോസിക്യൂട്ടർ അറിയിച്ചു. ഇതേ തുടർന്ന് കോടതി കേസ് പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ എടവണ സ്വദേശിയായ അയ്യൂബ് ഹൈക്കോടതിയെ സമീപിച്ചെങ്കിലും മജിസ്ട്രേട്ട് കോടതി വിധി ശരിവെക്കുകയായിരുന്നു. *(ശേഷം നാലാം പേജിൽ)*

വ്യാപാരപ്രമുഖൻ കെ.പി. ഹസൻഹാജി അന്തരിച്ചു

തളിപ്പറമ്പ: വ്യാപാര പ്രമുഖനും വ്യാപാരി വ്യവസായി ഏകോപന സമിതി മുൻ ജില്ലാ വൈസ് പ്രസിഡണ്ടുമായ കടവത്ത്പീടികയിൽ ഹസൻഹാജി (68) അന്തരിച്ചു. ഖബറടക്കം ഇന്ന് ഉച്ചക്ക് രണ്ട് മണിക്ക് ശേഷം തളിപ്പറമ്പ് ജുമാഅത്ത് പള്ളി ഖബർസ്ഥാനിൽ.

തളിപ്പറമ്പ് മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡണ്ടായിരുന്ന അദേഹം പിന്നീട് വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡണ്ടായി ഏറെക്കാലം സേവനം അനുഷ്ഠിച്ചു. സജീവ കോൺഗ്രസ് പ്രവർത്തകനായ അദേഹം മണ്ഡലം കോൺഗ്രസ് കമ്മിറ്റി സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ക്രസന്റ് സ്കൂൾ കമ്മിറ്റി ട്രഷറർ, ഭാരതീയ വിദ്യാഭവൻ തളിപ്പറമ്പ കേന്ദ്ര വൈസ് ചെയർമാൻ, ഏഴാംമൈൽ മഹല്ല് കമ്മിറ്റി വൈസ് പ്രസിഡണ്ട്, സി.എച്ച്. സെന്റർ വർക്കിംഗ് കമ്മിറ്റി യംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. ഗോൾഡ് മർച്ചന്റ്സ് അസോസിയേഷൻ ജില്ലാ എക്സിക്യൂട്ടീവ് മെമ്പറുമായിരുന്നു.

തളിപ്പറമ്പ ആസ്ഥാനമായുള്ള 'ഫാമിലി' ബിരിയാണി - നെയ്ച്ചോർ അരി വിതരണ കമ്പിനിയുടെയും ഫാമിലി ഗോൾഡിന്റെയും ഉടമയാണ്. തളിപ്പറമ്പിൽ നിർമ്മാണത്തിലിരിക്കുന്നതുൾപ്പെടെ നിരവധി കെട്ടിട സമുച്ചയങ്ങളുടെ പാർട്ണർ കൂടിയാണ്.

ഇന്നലെ ബംഗ്ളൂരുവിൽ ഒരു വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത് സുഹൃത്തുക്കൾക്കൊപ്പം രാത്രി കാറിൽ തളിപ്പറമ്പിലേക്ക് മടങ്ങവെ നേരിയതോതിൽ നെഞ്ചുവേദന അനുഭവപ്പെട്ടിരുന്നു. തളിപ്പറമ്പിൽ എത്തിയ ഉടൻ പരിയാരം സഹകരണ ഹൃദയാലയയിൽ പോവുകയും ഉടൻ ശസ്ത്രക്രിയക്ക് വിധേയനാക്കുകയും ചെയ്തുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഭാര്യ ഖദീജ. മക്കൾ: ബഷീർ (ബിസിനസ് എറണാകുളം), സമീർ, ഷഫീഖ്, ഷാജി(മൂന്നുപേരും തളിപ്പറമ്പിൽ ബിസിനസ്). ബുഷറ. മരുമക്കൾ: ഹാഷി (ബിസിനസ്), ഹിബ, സജിന (ഇരുവരും കണ്ണൂർ), റഫീഖ് (കമ്പിൽ), റിസിബു (മയ്യിൽ).

20 വർഷമായി ഹസൻഹാജി ഏഴാംമൈൽ ബസ്സ്റ്റോപ്പിന് സമീപമുള്ള വീട്ടിലാണ് താമസം. രാവിലെ മൃതദേഹം വീട്ടിൽ കൊണ്ടുവന്ന് പൊതുദർശനത്തിന് വെച്ചു. സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട നിരവധിപേർ ആദരാഞ്ജലി അർപ്പിക്കാനെത്തി. ഏഴാംമൈൽ രിഫായി ജുമാമസ്ജിദിൽ ഉച്ചക്ക് മയ്യത്ത് നിസ്കാരം നടത്തും. അതിന് ശേഷമായിരിക്കും ഖബറടക്കം നടക്കുക.

ഹസൻഹാജിയോടുള്ള ആദരസൂചകമായി ഇന്ന് തളിപ്പറമ്പിലെ വ്യാപാര സ്ഥാപനങ്ങൾ ഹർത്താൽ ആചരിച്ചുവരികയാണ്.

ബിഷപ്പിന്റെ പീഡനം; അന്വേഷണ സംഘം ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു

ബിഷപിനെ ചോദ്യം ചെയ്യാൻ നൂറോളം ചോദ്യാവലി തയ്യാറാക്കി

എറണാകുളം: കന്യാസ്ത്രീയെ ജലന്ധർബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ പീഡിപ്പിച്ചുവെന്ന പരാതിയിൽ അറസ്റ്റ് വൈകുന്നത് മൊഴിയിലെ വൈരുദ്ധ്യങ്ങൾ മൂലമാണെന്ന് അന്വേഷണ സംഘം ഹൈക്കോടതിയെ അറിയിച്ചു. സീൽ ചെയ്ത കവറിൽ പ്രത്യേക അന്വേഷണ സംഘം ഇന്ന് രാവിലെ സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

ആഗസ്ത് 13ന് ജലന്ധറിലെ ബിഷപ്പ് ഹൗസിലെത്തി യാണ് ഫ്രാങ്കോയെ അന്വേഷണ സംഘം ചോദ്യം ചെയ്തത്. അതിന് ശേഷമുള്ള മൂഴുവൻ കാര്യങ്ങളും ഉൾപ്പെടുത്തി 27 പേജുള്ള സത്യവാങ്മൂലമാണ് സമർപ്പിച്ചിട്ടുള്ളത്. പരാതിക്കാരിയുടെയും ബിഷപ്പിന്റെയും സാക്ഷികളുടെയും മൊഴികളിൽ വൈരുദ്ധ്യമുണ്ട്. അത് പരിഹരിക്കണം. അതിനുള്ള അന്വേഷണം പുരോഗമിക്കുകയാണ്. ഹാജരാകാൻ ബിഷപ്പിന് നോട്ടീസ് നൽകിയിട്ടുണ്ട്. കന്യാസ്ത്രീകൾക്ക് നാല് തലത്തിൽ കനത്ത സുരക്ഷാ സന്നാഹം ഏർപ്പെടുത്തിയിട്ടുണ്ട്. അവർ താമസിക്കുന്ന മഠത്തിലേക്ക് വരുന്ന ഫോൺ കോളുകൾ പോലും പരിശോധിക്കുന്നുണ്ടെന്നും പോലീസ് കോടതിയെ അറിയിച്ചു.

കേസിലെ അന്വേഷണം നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് കഴിഞ്ഞ തവണ കേസ് പരിഗണിച്ചപ്പോൾ കോടതി ചോദിച്ചിരുന്നു. ഇതിന് മറുപടിയായിട്ടാണ് സത്യവാങ്മൂലം സമർപ്പിച്ചത്.

അതിനിടെ ബിഷപ്പിനെ ചോദ്യം ചെയ്യുന്നതിന് നൂറിലധികം ചോദ്യങ്ങൾ ഉൾപ്പെടുത്തി പോലീസ് രേഖ തയ്യാറാക്കിയിട്ടുണ്ട്. കഴിഞ്ഞതവണ ബിഷപ്പിനെ ചോദ്യം ചെയ്തപ്പോൾ 55 ചോദ്യാവലികളാണ് ഉണ്ടായിരുന്നത്. അതിൽ 23 ചോദ്യങ്ങൾക്ക് ബിഷപ്പ് നൽകിയ ഉത്തരം കള്ളമാണെന്നാണ് അന്വേഷണ സംഘത്തിന്റെ നിഗമനം. അടുത്ത 19നാണ് ബിഷപ്പിനെ ചോദ്യം ചെയ്യുക.

ഹൈക്കോടതിക്ക് സംതൃപ്തി

എറണാകുളം: കന്യാസ്ത്രീയെ ബിഷപ്പ് പീഡിപ്പിച്ചുവെന്ന കേസിന്റെ അന്വേഷണത്തിൽ ഹൈക്കോടതി സംതൃപ്തി രേഖപ്പെടുത്തി. പഴയ കേസായതിനാൽ തെളിവുകൾ ശേഖരിക്കാൻ കാലതാമസം ഉണ്ടാകും. കേസിൽ അസാധാരണ സാഹചര്യം ഇപ്പോൾ ഇല്ല. പോലീസിന്മേൽ സമ്മർദ്ദം ഉണ്ടായാൽ കേസ് നേഷണം വഴിതെറ്റുമെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു.

മനുഷ്യാവകാശ പ്രവർത്തകന്റെ വീടിന് നേരെ അക്രമം; സ്കൂട്ടറുകൾ കത്തിച്ചു

ചൊക്ലിയിൽ മനുഷ്യാവകാശ പ്രവർത്തകന്റെ ഇരുചക്ര വാഹനങ്ങൾ കത്തിച്ച നിലയിൽ

തലശേരി: മനുഷ്യാവകാശ പ്രവർത്തകന്റെ വീടാക്രമിച്ച് ഇരുചക്ര വാഹനങ്ങൾ തീയിട്ട് നശിപ്പിച്ചു. ചൊക്ലി കിടഞ്ഞിയിലെ ഹമീദ് കിടഞ്ഞിയുടെ വീടിന് നേരെയാണ് ഇന്ന് പുലർച്ചെ മൂന്ന് മണിയോടെ അക്രമം നടന്നത്. ഗെയ്റ്റ് തള്ളിത്തുറന്ന് അകത്ത് കയറിയ അക്രമികൾ വടികൊണ്ട് ജനൽപാളികൾ അടിച്ച് തകർക്കുകയായിരുന്നു. മുറ്റത്ത് നിർത്തിയിട്ട കെ.എൽ 58 ആർ 4976, കെ.എൽ 58 എസ് 2380 സ്കൂട്ടറുകൾ പെട്രോൾ ഒഴിച്ച് കത്തിക്കുകയും ചെയ്തു. അക്രമികളെ തിരിച്ചറിഞ്ഞിട്ടില്ല. മൂന്നംഗ സംഘമാണ് അക്രമം നടത്തിയതെന്നാണ് സൂചന. ഇവർ മഴക്കോട്ട് അണിഞ്ഞിരുന്നു. 16 ജനൽ ചില്ലുകൾ തകർത്തിട്ടുണ്ട്. അക്രമത്തിന്റെ ദൃശ്യം വീട്ടിലെ സി.സി.ടി.വിയിൽ പതിഞ്ഞിട്ടുണ്ട്. ഏതാനും ദിവസം മുമ്പ് ഹമീദിന്റെ വീടിന്റെ മുറ്റത്ത് അജ്ഞാത സംഘം റീത്ത് വെക്കുകയും നോട്ടീസുകൾ പതിക്കുകയും ചെയ്തിരുന്നു. ഒരു വർഷം മുമ്പ് ഇയാൾക്കെതിരെ കരിയാട് വച്ച് വധശ്രമം നടന്നിരുന്നു. അതിൽ സി.പി.എം പെരിങ്ങത്തൂർ ലോക്കൽ സെക്രട്ടറി ഇ.കെ.അശോക്കുമാർ ഉൾപ്പെടെയുള്ളവർക്കെതിരെ വധശ്രമത്തിന് കേസെടുത്തിരുന്നുവെങ്കിലും പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ചൊക്ലി പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

യുവമോർച്ച പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസിൽ പോപ്പുലർ ഫ്രണ്ട് നേതാവ് പിടിയിൽ

കണ്ണൂർ: യുവമോർച്ച പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസിൽ പോപ്പുലർ ഫ്രണ്ട് നേതാവിനെ ടൗൺ പോലീസ് അറസ്റ്റ് ചെയ്തു. താണയിലെ ജസീർ(28) ആണ് പിടിയിലായത്. പോപ്പുലർ ഫ്രണ്ട് ഡിവിഷണൽ പ്രസിഡണ്ടാണ് ഇയാൾ.

ഇന്നലെ രാത്രി 8 മണിയോടെ യുവമോർച്ച പ്രവർത്തകൻ കണ്ണൂർക്കര ശ്രീപ്രസാദത്തിൽ ശ്രീലേഷിനെ(19) അക്രമിച്ച കേസിലാണ് അറസ്റ്റ്. ഇന്ന് പുലർച്ചെ ഒരു മണിയോടെയാണ് ജസീറിനെ പിടികൂടിയത്. ശ്രീലേഷ് ജില്ലാ ശുപത്രിയിൽ ചികിൽസയിലാണ്.

വീട്ടമ്മയുടെ മുഖത്ത് മുളകുപൊടി വിതറി കവർച്ചാശ്രമം; 17കാരിയും യുവാവും പിടിയിൽ

കാസർക്കോട്: വീട്ടമ്മയുടെ മുഖത്ത് മുളകുപൊടി വിതറി കഴുത്തിലുണ്ടായിരുന്ന സ്വർണ്ണമാല പൊട്ടിച്ചെടുക്കാൻ ശ്രമിച്ച കേസിൽ 17 കാരിയും യുവാവും അറസ്റ്റിൽ. ചെമ്മനാട് മുണ്ടങ്കുളത്തെ അബ്ദുൾശരീഫിന്റെ ഭാര്യ ജമീലയുടെ സ്വർണ്ണമാല പൊട്ടിച്ചെടുക്കാൻ ശ്രമിച്ച കേസിൽ ചെമ്മനാട് കൊമ്പനടുക്കത്തെ എ. അഹമ്മദ് ഫൈസൽ (32), ഇയാളുടെ ഭാര്യയുടെ ആദ്യ ഭർത്താവിലെ മകളായ 17 കാരി എന്നിവരാണ് പിടിയിലായത്.

മിനിഞ്ഞാന്ന് രാത്രി 8.15ഓടെയാണ് കവർച്ചാശ്രമം നടന്നത്. അബ്ദുൾലത്തീഫ് പള്ളിയിൽ നിസ്ക്കാരത്തിന് പോയ സമയം ഇവരുടെ വീട്ടിലേക്കുള്ള വൈദ്യുതിബന്ധം വിച്ഛേദിച്ച് പർദ ധരിച്ചെത്തിയ യുവതി ജമീലയുടെ മുഖത്ത് മുളക്പൊടി വിതറി മാല പൊട്ടിച്ചെടുക്കാൻ ശ്രമിക്കുകയായിരുന്നു. ജമീല ബഹളംവെച്ചതോടെ യുവതി ഓടി രക്ഷപ്പെട്ടു. തടിച്ച കൈകളുള്ള യുവതിയാണ് മാല പൊട്ടിക്കാൻ ശ്രമിച്ചതെന്ന് ജമീല പോലീസിനോട് പറഞ്ഞിരുന്നു. ജമീലയുടെ വാടക വീട്ടിലാണ് അഹമ്മദ് ഫൈസലും ഭാര്യയും 17കാരിയും താമസിക്കുന്നത്. 17 കാരി തടിച്ച ശരീരപ്രകൃതിയുള്ളതാണ്. ഇതേ തുടർന്ന് സംശയം തോന്നി പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് സംഭവത്തിന്റെ ചുരുളഴിഞ്ഞത്. രണ്ടാമച്ചന്റെ പ്രേരണയേ തുടർന്നാണ് താൻ കവർച്ചക്ക് ശ്രമിച്ചതെന്ന് യുവതി മൊഴി നൽകിയതിനെ തുടർന്ന് അഹമ്മദ് ഫൈസലിനെയും പിടികൂടുകയായിരുന്നു.

സ്കൂട്ടർ കത്തിച്ച കേസിൽ ഒന്നര വർഷത്തിന് ശേഷം രണ്ടുപേർ പിടിയിൽ

പയ്യന്നൂർ: വീടിന് മുന്നിൽ നിർത്തിയിട്ട സ്കൂട്ടർ കത്തിച്ച കേസിൽ ഒന്നര വർഷത്തിന് ശേഷം രണ്ടുപേരെ പയ്യന്നൂർ പോലീസ് പിടികൂടി. കൊക്കാനിശേരിയിലെ ബി.മനോജ്കുമാറിന്റെ സ്കൂട്ടർ കത്തിച്ച കേസിൽ രാമന്തളിയിലെ കെ. സുനീഷ് എന്ന കുട്ടൻ (29), കോറോം ചാലക്കോട് സ്വദേശി ഡി.സിനു (30) എന്നിവരെയാണ് എസ്.ഐ കെ.പി.ഷൈനിന്റെ നേതൃത്വത്തിൽ പിടികൂടിയത്. 2017 ഒക്ടോബർ 20ന് രാത്രി 11 മണിയോടെയാണ് സ്കൂട്ടർ കത്തിച്ചത്. വീടിന് മുന്നിൽ നിർത്തിയിട്ടതായിരുന്നു സ്കൂട്ടർ. തീപ്പടർന്ന് വീടിന്റെ ജനൽ കത്തിയിരുന്നു. ശബ്ദംകേട്ട് വീട്ടുകാർ ഉണർന്ന് പുറത്തുവരുമ്പോഴേക്കും അക്രമികൾ രക്ഷപ്പെട്ടിരുന്നു. പോലീസ് നടത്തിയ ശാസ്ത്രീയ അന്വേഷണത്തിലാണ് പ്രതികളെ കുറിച്ച് സൂചന ലഭിച്ചത്. ഇന്നലെ രാത്രിയോടെയാണ് ഇരുവരെയും കസ്റ്റഡിയിലെടുത്ത്.

പി.സി. ജോർജിന്റെ പരാമർശം നിർഭാഗ്യകരമെന്ന് സ്പീക്കർ

തിരുവനന്തപുരം: കന്യാസ്ത്രീക്കെതിരെ പി.സി. ജോർജ് എം.എൽ.എ നടത്തിയ പരാമർശം നിർഭാഗ്യകരമായിപ്പോയെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. നിയമസഭയുടെ എത്തിക്സ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുമെന്നും സ്പീക്കർ വ്യക്തമാക്കി.

വ്യാപാരിയെ മർദിച്ചു

പയ്യന്നൂർ: കടയിൽ അതിക്രമിച്ചുകയറി വ്യാപാരിയെ മർദിച്ചതായി പരാതി. സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് സമീപത്തെ വിഷ്ണുഭട്ടിനെയാണ് മർദിച്ചത്. ഇന്നലെ രാത്രി 9 മണിയോടെയാണ് സംഭവം. പയ്യന്നൂർ പഴയ ബസ്സ്റ്റാന്റിന് സമീപത്തെ രണ്ട് മുറികളുള്ള കെട്ടിടത്തിലെ ഫ്രൂട്സ് വ്യാപാരിയാണ് ഇദ്ദേഹം. കടയിലെ ഫാൻ അക്രമികൾ നശിപ്പിച്ചു.

കണ്ണൂർ കല്ല് കൊത്ത് തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എസ്.ഐ.എൻ.ഡി. (സി) 71
ധർമ്മശാല, പഴശിനിക്കടവ്, കണ്ണൂർ- 670563
ഓഫീസ്: ധർമ്മശാല. ഫോൺ: 04972780503

ഭൂമി ലേല പരസ്യം

കണ്ണൂർ കല്ല് കൊത്ത് തൊഴിലാളി ക്ഷേമ സഹകരണ സംഘത്തിന് അവകാശ കൈവശമായ തളിപ്പറമ്പ് താലൂക്ക് പരിയാരം അംശം ദേശത്ത് റി.സ. നമ്പർ 48/3 ൽപ്പെട്ട സ്ഥലം പ്ലോട്ടുകളായി തിരിച്ച് ക്വട്ടേഷൻ സ്വീകരിച്ചും പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

ലേല സ്ഥലം	: സംഘം ഓഫീസ്, ധർമ്മശാല
തീയതി	: 2018 സപ്തംബർ 27 വ്യാഴം
സമയം	: രാവിലെ 11 മണി
പ്ലോട്ടുകൾ:	3 – 16 സെന്റ്, 5 – 15 സെന്റ്, 8 – 10 സെന്റ്, 9 – 10 സെന്റ്, 10 – 9.6 സെന്റ്, 11 – 23.3 സെന്റ്, 12 – 1 സെന്റ്

ഓരോ പ്ലോട്ടിനും പ്രത്യേകം പ്രത്യേകം ക്വട്ടേഷനുകൾ 27 - 9 - 18ന് വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് മുമ്പായി സംഘം ഓഫീസിൽ കിട്ടിയിരിക്കണം. ഓരോ പ്ലോട്ടിന്റെയും പരസ്യ ലേലം അന്നേ ദിവസം രാവിലെ 11 മണി മുതൽ നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ 50,000രൂപ (അമ്പതിനായിരം) നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചതിന്റെ രശീതി ക്വട്ടേഷൻ നൽകുമ്പോൾ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്. സംഘത്തിന് ഓരോ പ്ലോട്ടിനും തൃപ്തികരമായ വില ലഭിക്കുന്നവർക്ക് ലേലം ഉറപ്പിക്കുന്നതും ലേല സംഖ്യയുടെ നാലിൽ ഒന്ന് അപ്പോൾ തന്നെ അടക്കേണ്ടതും ബാക്കി തുക ലേലം അംഗീകരിച്ച് 30 ദിവസത്തിനകം സംഘത്തിൽ അടച്ച് ലേലം കൊണ്ടയാളുടെ ചെലവിൽ സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങേണ്ടതുമാണ് ആവശ്യമെങ്കിൽ ലേലം മാറ്റിവെക്കാനും ലേല നടപടി റദ്ദ് ചെയ്യുവാനുമുള്ള പരമാധികാരം സംഘം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് സംഘം ഓഫീസുമായി ബന്ധപ്പെടുക.

ധർമ്മശാല,
12- 9- 2018.

ആജ്ഞാനുസരണം
സെക്രട്ടറി (ഒപ്പ്)

മലയോര മേഖലയിൽ ഫാഷൻ സങ്കൽപങ്ങൾക്ക് പുത്തൻ ഉണർവ് നൽകിക്കൊണ്ട് ആലക്കോട്, സിസ ഡിസൈനർ ബ്യൂട്ടിക് ഇന്ന് മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു
We design your dreams
Sisa
Designer Boutique
Zion Complex, Near Sona Gold, Alakode
Mob: 8078824400, 9846490047
We are designing: Party Wear | Gowns | Sarees | Frocks | etc.

ഞങ്ങളുടെ ഹസ്സൻഹാജിക്ക് വിട
ഗോൾഡ് മർച്ചന്റ്സ് അസോസിയേഷൻ തളിപ്പറമ്പ യൂണിറ്റ്

ഫാമിലി ഗോൾഡ് ഉടമയും ഗോൾഡ് മർച്ചന്റ്സ് അസോസിയേഷൻ, കണ്ണൂർ, തളിപ്പറമ്പ എക്സിക്യൂട്ടീവ് അംഗവുമായ
കെ.പി. ഹസ്സൻഹാജിക്ക്
ആദരാഞ്ജലികൾ